
# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ഫിലോമിന




ആദ്യകാല കത്തോലിക്കാസഭയുടെ , കന്യകയും രക്തസാക്ഷിയുമായ ഒരു വിശുദ്ധയാണ് ഫിലോമിന. ഫിലോമിനയുടെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നതിനും പഠിക്കുന്നതിനും, ആദ്യകാലക്രിസ്ത്യാനികൾ പീഢനങ്ങൾക്ക് വിധേയരായി മരിച്ചപ്പോൾ അവരെ സംസ്കരിച്ചിരുന്ന പൊതുശ്മശാനങ്ങളിലേക്ക് നാം പോകണം. കൊളോസിയത്തിൽ ക്രൂരവിനോദങ്ങൾക്ക്ശേഷം വലിച്ചെറിയപ്പെട്ടിരുന്ന മൃതശരീരങ്ങളെ ക്രിസ്ത്യാനികൾ എടുത്തുകൊണ്ടുപോയി അടക്കം ചെയ്തിരുന്ന സ്ഥലമാണത്. റോമിന്റെ പരിസരപ്രദേശങ്ങളിൽ നാം കാണുന്ന അത്തരം കല്ലറകൾ അനേകർക്ക് വിശ്വാസത്തിന്റ തിരിതെളിച്ച് നൽകിയിട്ടുണ്ട്. സഭാതരുവിന്റെ ചുവട്ടിൽ തങ്ങളുടെ നിണം വളമായി വീഴ്ത്തിയ പുണ്യജന്മങ്ങളുടെ ഭൗതികശരീരം ഉറങ്ങുന്ന സ്ഥലമായിരുന്നു അത്.

അക്കൂട്ടത്തിൽ സാധാരണമനുഷ്യരും വൈദികരും മെത്രാൻമാരും രാജകുമാരൻമാരും കുമാരിമാരും എല്ലാമുണ്ട്. ആയിരങ്ങളെ ഒന്നിച്ച് ചേർത്തുനിറുത്തി ജീവൻ കൊയ്തെടുത്തപ്പോൾ വിശ്വാസത്തിന് വേണ്ടി ജീവൻ വെടിഞ്ഞവരുടെ പേരുകൾ പോലും ആർക്കും അറിയുമായിരുന്നില്ല. ആരാലും അറിയപ്പെടാത്തപ്പോഴും ക്രിസ്തുവിനുവേണ്ടി ജീവൻ വെടിഞ്ഞവരാണ് ഇവിടെ അടക്കം ചെയ്യപ്പെട്ടത്. ഈശോയുടെ ശരീരവും രക്തവും ഉൾക്കൊണ്ടപ്പോൾ ബലിയായിത്തീരുവാൻ അവർ തയ്യാറായി. വിശ്വാസത്തിനുവേണ്ടി ജീവൻ വെടിഞ്ഞ തങ്ങളുടെ കല്ലറകൾ ഒരുനാൾ അൾത്താരകളായി മാറുമെന്ന് അവർ ഉൾക്കണ്ണുകൾക്കൊണ്ട് കണ്ടിരുന്നു. ഒരു ക്രിസ്ത്യാനി രക്തസാക്ഷിയായി അനേകർക്ക് ജീവൻ പ്രദാനം ചെയ്യേണ്ടവനാണെന്ന് ഫിലോമിനയെപ്പോലുള്ള അനേകർ അറിഞ്ഞിരുന്നു. അതിനായി വിളിക്കപ്പെട്ടപ്പോൾ തെല്ലും മടിക്കാതെ ഞങ്ങളുടെ ഭവനം ഇവിടെയല്ല സ്വർഗത്തിലാണ് എന്ന് അവർ സാക്ഷ്യപ്പെടുത്തി. ധൈര്യപൂർവം മരണം വരിച്ചു. കർത്താവ് സ്വന്തം രക്തത്താൽ നേടിയെടുത്ത പരിശുദ്ധ കത്തോലിക്കാസഭ ഒരു യാഥാർത്ഥ്യമായിരുന്നില്ലെങ്കിൽ ലക്ഷക്കണക്കിന് വ്യക്തികൾ സഭയ്ക്കു വേണ്ടി, ക്രിസ്തുവിനുവേണ്ടി ജീവൻ കൊടുക്കുമായിരുന്നോ. കേവലം അപ്പവും വീഞ്ഞുമായിരുന്നില്ല അവരെ ബലിമധ്യേ ശക്തിപ്പെടുത്തിയത്, മറിച്ച് സർവ്വശക്തനായ ദൈവമായിരുന്നു എന്നതിന്റ തെളിവാണ് അവരുടെ ധീരരക്തസാക്ഷിത്വങ്ങൾ. ഉയിർത്തെഴുന്നേറ്റ് സജീവനായി ഇന്നും ഈശോ നമ്മുടെയിടയിൽ ജീവിക്കുന്നു.

ക്രിസ്ത്യാനികളുടെ പീഡനകാലം ആരംഭിച്ചത് നീറോ ചക്രവർത്തിയുടെ കാലം മുതലാണ്. 54 എ.ഡി

മുതൽ 68 എ.ഡി വരെയായിരുന്ന ആ കാലഘട്ടം. ക്രിസ്ത്യാനികളെ വധിക്കുന്നത് റോമൻ ജനത ഒരു നേട്ടമായിട്ടാണ് കണ്ടത്. എ.ഡി 96 മുതൽ പീഡനത്തിൽ മരിക്കുന്ന ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള ശ്മശാനങ്ങൾ നിർമ്മിക്കപ്പെട്ടിരുന്നതായി നമുക്ക് കാണാം. 60 ലക്ഷത്തോളം ക്രിസ്ത്യാനികളാണ് അത്തരം ശ്മശാനങ്ങളിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നത്. വർഷങ്ങൾക്ക് ശേഷം പരിശുദ്ധ പിതാക്കൻമാർ ഇത്തരം സ്ഥലങ്ങളെക്കുറിച്ച് ആഴമായ പഠനങ്ങൾ നടത്തുവാനും രക്തസാക്ഷികളായവരെ തിരിച്ചറിയുവാനും വിദ്യാസമ്പന്നരായവരെ നിയോഗിക്കുകയുണ്ടായി. അത്തരമൊരവസരത്തിലാണ് നാം ഫിലോമിനയെ കണ്ടെത്തുന്നത്. അങ്ങനെ രക്തസാക്ഷികളെ കണ്ടെത്തുമ്പോൾ മുട്ടിൻമേൽനിന്ന് അവരുടെ പ്രാർത്ഥന ചോദിക്കുവാൻ ധാരാളം ക്രിസ്ത്യാനികൾ തയ്യാറായിരുന്നു. പിന്നീട് ചരിത്രത്തിൽ അവരുടെ സ്ഥാനത്തെക്കുറിച്ച് പഠനങ്ങൾ നടത്തിത്തുടങ്ങും. 1802 മെയ് 24 നാണ് ഭൂഗർഭഗവേഷകർ അമൂല്യമായ ഒരു തിരുശേഷിപ്പ് കണ്ടെത്തുന്നത്. വിശുദ്ധ ഫിലോമിനയുടെ കഥ തുടങ്ങുന്നത് അവളുടെ തിരുശേഷിപ്പുകളിൽ നിന്നാണ്. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഒരു കേടും സംഭവിക്കാതെ ഫിലോമിനയുടെ കല്ലറ സംരക്ഷിക്കപ്പെട്ടിരുന്നു എന്നതാണ് അത്ഭുതം.

1802 ൽ അക്വിലയിലെ പ്രഷില്ലയിലാണ് പ്രസ്തുത സംഭവങ്ങളുടെ തുടക്കം. അവളുടെ കല്ലറയുടെ മുകളിലുണ്ടായിരുന്ന ഫലകങ്ങളിൽ നിന്നാണ് രക്തസാക്ഷിത്വത്തിന്റെ അടയാളങ്ങൾ നമുക്ക് കാണുവാൻ സാധിക്കുന്നത്. കന്യകാത്വത്തെയും പരിശുദ്ധിയെയും സൂചിപ്പിക്കുന്ന ഒരു റോസാപ്പൂവും അവിടെ അടയാളപ്പെടുത്തിയിരുന്നു. മാത്രമല്ല ഒരു നങ്കൂരത്തിന്റെ ചിത്രവും ഫലകങ്ങളിലുണ്ടായിരുന്നു. നങ്കൂരം ശരീരത്തിൽ ബന്ധിച്ച് നദിയിലെറിഞ്ഞതിന്റെ അടയാളമായിരുന്നു അത്. ഒരു ലില്ലിയുടെ രൂപവും അതിൽ കൊത്തിവച്ചിരുന്നു. ഇവയൊക്കെ ഏതുതരത്തിലുള്ള വ്യക്തിയാണ് സംസ്കരിക്കപ്പെട്ടിരിക്കുന്നത് എന്ന് സൂചിപ്പിക്കുവാൻ ആദിമക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന അടയാളങ്ങളായിരുന്നു.ലില്ലി സൂചിപ്പിക്കുന്നത് കളങ്കമില്ലാത്ത കന്യകാത്വത്തെയാണ്. വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ ജീവൻ ബലികഴിച്ച ഒരു വ്യക്തിയായിരുന്നു അതെന്ന് അതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. മാത്രമല്ല ഇത് ഫിലോമിനയാണെന്ന് സൂചിപ്പിക്കുവാൻ ഫിലോമിന എന്ന പേരും ഫലകങ്ങളിൽ കൊത്തിവച്ചിട്ടുണ്ടായിരുന്നു. കൂടാതെ കല്ലറയ്ക്കുള്ളിൽ അസ്ഥിയുടേയും രക്തത്തിന്റെയും അംശങ്ങൾ കണ്ടെത്താനായി. അതിൽ നടത്തിയ ശാസ്ത്രപഠനങ്ങളാണ് അത് ഏകദേശം പതിമൂന്ന് വയസ്സുള്ള ഒരു പെൺകുട്ടിയുടേതാണെന്ന് വ്യക്തമാക്കിയത്.

കന്യകയും രക്തസാക്ഷിണിയുമായ ഫിലോമിനയുടേതാണ് ആ ഭൗതികാവശിഷ്ടങ്ങൾ എന്ന് ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാം. കല്ലറയിൽ ചെറിയൊരു പാത്രത്തിൽ രക്തത്തിന്റെ ഭാഗവും കാണപ്പെട്ടു. രക്തം ചെറിയൊരു പാത്രത്തിലാക്കി സംസ്കരിക്കുന്ന രക്തസാക്ഷികളുടെ ശിരസ്സിനുസമീപം വയ്ക്കുന്നതും ആദ്യകാലക്രിസ്ത്യാനികളുടെ രീതിയായിരുന്നുവെന്ന് വേണം മനസ്സിലാക്കുവാൻ .കന്യകയും രക്തസാക്ഷിയുമായ ഒരു പതിമൂന്നുകാരി പെൺകുട്ടിയുടേതാണ് ഈ ഭൗതികാവശിഷ്ടങ്ങൾ എന്ന് വ്യക്തമാക്കുന്നതായിരുന്നു തെളിവുകളൊക്കെയും. ഇത് സഭയിൽ വലിയ അത്ഭുതത്തിനുതന്നെ കാരണമായി. ഇത്തരമൊരു കണ്ടെത്തൽ നടന്നയുടനെ അത് ഭദ്രമായി മുദ്രവയ്ക്കപ്പെടുകയും അധികാരപ്പെട്ടവർ മാത്രം അതിൽ പരിശോധന ചെയ്യുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുകയുമാണുണ്ടായത്. അതിനാൽ കണ്ടെത്തിയ വസ്തുതകളെ വിശദമായി പഠിക്കുന്നതിനുള്ള അവസരവുമൊരുങ്ങി. മുഞ്ഞാണോയിലെ ഇടവകവൈദികനായ ഫാദർ ഫ്രഞ്ചെസ്കോ ലൂസിയ ആ നാളുകളിൽ വലിയ പ്രതിസന്ധികളിലൂടെ കടന്നുപോവുകയായിരുന്നു. ആത്മീയവും ഭൗതികവുമായി അധപതിച്ച തന്റെ ഇടവകജനത്തെയോർത്ത് സ്വന്തം ദൈവവിളിയെപ്പോലും സംശയിച്ചിരുന്ന നാളുകളായിരുന്നു അത്. അപ്പോഴാണ് ദൈവകൃപയാൽ മെത്രാനായി തിരഞ്ഞെടുക്കപ്പെടാനിരുന്ന മോൺസിഞ്ഞോർ ബർത്തലോമിയോ അദ്ദേഹത്തോട് തന്നോടൊപ്പം റോമിലേക്ക് വരുവാൻ ആവശ്യപ്പെട്ടത്.

സ്വന്തം ഇടവകയിലെ ധാർമ്മികാധപതനമായിരുന്നു ഈ വൈദികനെ ഏറെ വേദനിപ്പിച്ചത്. കൂദാശകൾ സ്വീകരിക്കുവാനോ ദൈവികകാര്യങ്ങളെക്കുറിച്ച് ശ്രദ്ധിക്കുവാനോ സത്യദൈവത്തെ അറിയുവാനോപോലും ആരും തയ്യാറായിരുന്നില്ല. റോമിലെത്തിയപ്പോൾ തന്റെ ഇടവകയ്ക്ക് പുതുജീവൻ നൽകുന്നതിന് ഒരു വിശുദ്ധയുടെ തിരുശേഷിപ്പുകൾ നൽകണമെന്ന് അദ്ദേഹം അധികാരികളോട് ആവശ്യപ്പെട്ടു. ഫിലോമിനയെക്കുറിച്ച് അദ്ദേഹത്തിന് യാതൊന്നും അറിയില്ലായിരുന്നുവെങ്കിലും ദൈവികമായ ഒരു പ്രചോദനമാണ് മുഞ്ഞാണോയിലേക്ക് ഫിലോമിനയുടെ തിരുശേഷിപ്പുകൾ

കൊണ്ടുപോകുന്നതിന് പിന്നിലുണ്ടായിരുന്നത്. അവിടെയാണ് അത്ഭുതങ്ങളുടെ തുടക്കം. ഭൂപടത്തിൽ പോലുമില്ലാത്ത മുഞ്ഞാണോ നഗരം ഫിലോമിനയുടെ നാമത്തിലൂടെ ലോകപ്രശസ്തമാവുന്ന കാഴ്ചയാണ് നാം ഇനി കാണുവാൻ പോകുന്നത്. മുഞ്ഞാണോ ഒരു ചെറിയ ഇടവകയും ആരും അറിയില്ലാത്ത സ്ഥലവുമായിരുന്നു. തിരുശേഷിപ്പുകൾ ലഭിക്കുന്നത് സാധാരണ സഭയിലെ ഉന്നതവ്യക്തികൾക്കായിരുന്നു. എങ്കിലും ഈ പാവപ്പെട്ട വൈദികൻ ഫിലോമിനയുടെ പേര് സൂചിപ്പിച്ചില്ലെങ്കിലും കന്യകയും രക്തസാക്ഷിണിയുമായ ഒരു വ്യക്തിയുടെ തിരുശേഷിപ്പ് വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. സഭാനേതൃത്വം അവസാനം ഫിലോമിനയുടെ തിരുശേഷിപ്പാണ് അദ്ദേഹത്തിന് നൽകിയത്. വലിയ അത്ഭുതങ്ങളൊന്നും ആ വിശുദ്ധയുടെ പേരിലില്ലാത്തതിനാൽ അദ്ദേഹം അല്പം അശ്രദ്ധമായിട്ടാണെങ്കിലും നന്ദി പറഞ്ഞ് തിരികെ താമസസ്ഥലത്തെത്തി.

തിരികെയെത്തിയപ്പോൾ മോൺസിഞ്ഞോർ ബർത്തലോമിയോടു കൂടെയായിരിക്കുമ്പോൾ ഫാദർ ഫ്രാൻഞ്ചെസ്കോ ഒരു സ്വരം കേട്ടു. തന്നെ മുഞ്ഞാണോയിലേക്ക് കൊണ്ടുപോകണമെന്നും അവിടെ അനേകം കാര്യങ്ങൾ തനിക്ക് ചെയ്യാനുണ്ടെന്നുമാണ് ഒരു പെൺകുട്ടി അദ്ദേഹത്തോട് മന്ത്രിച്ചത്. ആ ദിവസങ്ങൾ ഫാദർ ഫ്രാൻഞ്ചെസ്കോയ്ക്ക് ഗുരുതരമായ പനി ബാധിച്ചു. ഫിലോമിനയാണ് തന്നോട് സംസാരിച്ചതെങ്കിൽ ഈ നിമിഷം എന്നെ സുഖപ്പെടുത്തണമെന്ന് ആദ്യമായി അദ്ദേഹം ഫിലോമിനയോട് പ്രാർത്ഥിച്ചു. ആ നിമിഷം തന്നെ ഫാദർ ഫ്രാഞ്ചെസ്കോ സുഖം പ്രാപിച്ചു. അദ്ദേഹവും മോൺസിഞ്ഞോർ ബർത്തലോമിയോയുംകൂടി നന്ദിയോടെ ഫിലോമിനയുടെ തിരുശേഷിപ്പുകൾ മുഞ്ഞാണോയിലേക്ക് കൊണ്ടുപോയി. പരിശുദ്ധ ദൈവമാതാവിന്റെ ദേവാലയമായിരുന്നു ഫാദർ ഫ്രാഞ്ചെസ്കോയുടെ ഇടവക ദേവാലയം. അവരുടെ യാത്രയിൽ ഉടനീളം അത്ഭുതങ്ങൾ സംഭവിക്കുവാൻ തുടങ്ങി. ഫിലോമിന സജീവമായി പ്രവർത്തിക്കുവാൻ തുടങ്ങിയ നാളുകളായിരുന്നു അത്. യാത്രാമധ്യേ അവർക്ക് രോഗിണിയായ ഒരു സ്ത്രീയുടെ ഭവനത്തിൽ താമസിക്കേണ്ടിവന്നു. അവിടെവച്ചാണ് ഫിലോമിനയുടെ ഒരു മെഴുകുകൊണ്ടുള്ള രൂപം നിർമ്മിക്കപ്പെടുന്നത്. രോഗിണിയായ ആ സ്ത്രീ ഈ രൂപത്തെ നോക്കിയപ്പോൾ അത് ജീവനുള്ളതായി മാറുന്നതുപോലെ അവൾക്ക് തോന്നി. അതൊരു തോന്നലായിരുന്നില്ല. അടുത്ത നിമിഷങ്ങളിൽ സകലരുടേയും സാക്ഷ്യത്തിനായി ആ സ്ത്രീ അത്ഭുതകരമായി സുഖം പ്രാപിക്കുകയും ചെയ്തു.

ഫിലോമിനയുടെ മാദ്ധ്യസ്ഥത്തിലൂടെ നടന്ന അത്ഭുതങ്ങൾ ഇറ്റലിയിൽ മാത്രമല്ല ഫ്രാൻസിലേക്കും വ്യാപിച്ചു. അതിൽ ഏറ്റവും പ്രശസ്തമായതാണ് പൗളിൻ ജാരിക്കോട്ടിന്റെ രോഗസൗഖ്യം. ഫ്രാൻസിൽ വിശ്വാസസമൂഹത്തിന്റെ സ്ഥാപകയായിരുന്നു അവൾ. ദൂരയാത്രചെയ്തുവരുന്ന അനേകർക്ക് വിശ്രമസ്ഥലമൊരുക്കിയിരുന്നത് പൗളിന്റെ ഭവനത്തിലായിരുന്നു. അങ്ങനെ അവിടെ താമസിച്ചിരുന്ന സന്യാസിയായ പിയർ ഡി മഗല്ലനാണ് ആദ്യമായി അവർക്ക് ഫിലോമിനയുടെ ഒരു തിരുശേഷിപ്പ് നൽകുന്നത്. അതുപോലെ ആർസിലെ ജോൺ വിയാനിയുടെ പ്രസംഗങ്ങളിൽനിന്നും ഫിലോമിനയെക്കുറിച്ച് പൗളിൻ ധാരാളമായി കേട്ടിരുന്നു. ഇറ്റലിയിൽ ഫിലോമിന വളരെ പ്രശസ്തയായിരുന്നുവെങ്കിലും ഫ്രാൻസിൽ അവളെക്കുറിച്ച് അധികമാർക്കും അറിയില്ലായിരുന്നു. വിശുദ്ധ ജോൺ വിയാനിയും വാഴ്ത്തപ്പെട്ട പൗളിൻ ജാരിക്കോട്ടുമാണ് ഫ്രാൻസിൽ ഫിലോമിനയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് പ്രധാനമായ പങ്കുവഹിച്ചത്.

ഒരിക്കൽ പൗളിന് ഗുരുതരമായ രോഗം ബാധിച്ചു. മരണത്തിന്റെ വക്കിലെത്തിയ അവൾ സുഹൃത്തുക്കളുടെ നിർദേശപ്രകാരം മുഞ്ഞാണോയിലെ ഫിലോമിനയുടെ ദേവാലയത്തിലെത്തി പ്രാർത്ഥിക്കുവാനുള്ള തീരുമാനമെടുത്തു. യാത്രാമധ്യേ പൗളിൻ പരിശുദ്ധ പിതാവിന്റെ ആശീർവാദം സ്വീകരിക്കുവാൻ റോമിൽ കുറച്ചുദിവസം തങ്ങുകയുണ്ടായി. അവളുടെ മരണസമയം അടുത്തുവെന്നു കണ്ട പരിശുദ്ധ പിതാവ് സ്വർഗത്തിലെത്തുമ്പോൾ തന്നെക്കൂടി ഓർമ്മിക്കണമെന്ന് അവളോട് ആവശ്യപ്പെടുകയും ചെയ്തു. മുഞ്ഞാണോയിലെത്തിച്ചേരുവാൻ തനിക്ക് വേണ്ടി പ്രാർത്ഥിക്കണമെന്ന് പൗളിനും ആവശ്യപ്പെട്ടു. തിരികെ വരുമ്പോൾ പൂർണമായും സുഖപ്പെട്ട് കാണുകയാണെങ്കിൽ ഫിലോമിനയെ വിശുദ്ധയായി പ്രഖ്യാപിക്കുമോ എന്നുള്ള പൗളിന്റെ ചോദ്യത്തിന് അങ്ങനെ സംഭവിക്കുകയാണെങ്കിൽ അത് വലിയ ഒരത്ഭുതമായിരിക്കുമെന്ന് പരിശുദ്ധ പിതാവ് മറുപടി നൽകുകയും ചെയ്തു. മുഞ്ഞാണോയിലെത്തിയപ്പോൾ അവൾ മരണത്തിന്റെ വക്കിലെത്തിയിരുന്നു. ഒരു സ്ട്രെച്ചറിലാണ് പൗളിനെ ദേവാലയത്തിലേക്ക് കൊണ്ടുപോയത്. സകലരും അവൾക്കുവേണ്ടി ഫിലോമിനയുടെ മുൻപിൽ മാദ്ധ്യസ്ഥം തേടി. കുറച്ചു ദിവസങ്ങൾ യാതൊന്നും സംഭവിച്ചില്ല.

എന്നാൽ ആഗസ്റ്റ് പത്താം തിയതി ദിവ്യകാരുണ്യ ആശീർവാദസമയത്ത് പൗളിൻ സ്വയം മുട്ടിൻമേൽ നിൽക്കുവാൻ ശ്രമിച്ചു. അവൾ വീണുപോവുകയാണുണ്ടായത്. സകലരും നിലവിളിക്കുകയായിരുന്നു. പൗളിൻ ജീവൻ പോകുന്ന വേദനയാൽ പുളഞ്ഞു. പക്ഷെ അല്പസമയം കഴിഞ്ഞപ്പോൾ തന്റെ ബലഹീനമായ കാലുകളിൽ പൗളിൻ എഴുന്നേറ്റുനിന്നു. പതിയെ ദേവാലയത്തിലൂടെ ചുവടുകൾ വച്ചു. അവൾ അത്ഭുതകരമായി സുഖം പ്രാപിച്ചു. ഫിലോമിന അവർക്കുവേണ്ടി മഹത്തായ ഒരത്ഭുതം പ്രവർത്തിച്ചിരിക്കുന്ന വാർത്ത നാട്ടുമുഴുവൻ പരന്നു. റോമിലേക്ക് അവൾ തിരികെ യാത്രയായി. ജനത്തിനിടയിലൂടെ നടന്നുവന്ന് തന്റെ മുൻപിൽ മുട്ടുകുത്തിയ യുവതി പൗളിനാണെന്ന് പരിശുദ്ധ പിതാവിന് വിശ്വസിക്കാനായില്ല. ഗ്രിഗറി പതിനാറാമൻ പാപ്പയായിരുന്നുവത്. കന്യകയും രക്തസാക്ഷിണിയുമായ ഫിലോമിനയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിനെക്കുറിച്ച് അവൾ പിതാവിനെ ഓർമ്മപ്പെടുത്തി. ഈ സൗഖ്യത്തെക്കുറിച്ച് വിശദമായി പഠിക്കുന്നതിന് ഒരു വർഷത്തോളം പരിശുദ്ധ പിതാവ് പൗളിനെ റോമിൽ താമസിപ്പിച്ചു.

ആ അത്ഭുതം സംശയലേശമന്യേ സ്ഥിരീകരിക്കുകയും എല്ലാമെത്രാൻമാരും പരിശുദ്ധ പിതാവിനോട് ഇക്കാര്യത്തിൽ യോജിച്ചതിനാൽ, 1837 ൽ ഗ്രിഗറി പതിനാറാമൻ പാപ്പ ഫിലോമിനയെ വിശുദ്ധയായി പ്രഖ്യാപിക്കുകയും ചെയ്തു. അവളുടെ വണക്കത്തിനായി ദിവ്യബലിയർപ്പിക്കുവാനുള്ള അനുവാദം നൽകിക്കൊണ്ടുള്ള ഒദ്യോഗിക പ്രഖ്യാപനം പുറത്തിറങ്ങിയത് 1837 ജനുവരി 30നാണ്. ആ വർഷം തന്നെ മാർച്ച് മാസത്തിൽ അവളുടെ തിരുനാളും സ്ഥാപിക്കപ്പെട്ടു.ശ്മശാനത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ് ചരിത്രത്തിന്റെ പിൻബലമില്ലാതെ വിശുദ്ധരുടെ ഗണത്തിലേക്കുയർന്ന ഏക വിശുദ്ധയാണ് ഫിലോമിന. പൗളിൻ തിരികെയെത്തി വിയാനിയച്ചനോട് നടന്ന സംഭവങ്ങൾ മുഴുവൻ വിവരിച്ചു. വിയാനിയച്ചൻ അതിയായ സന്തോഷമാണ് പ്രകടിപ്പിച്ചത്. കാരണം സകലരുടേയും വിശ്വാസം വർദ്ധിപ്പിക്കുവാനുതകുന്ന രീതിയിലാണ് ഫിലോമിന അത്ഭുതം പ്രവർത്തിച്ചിരിക്കുന്നത്. താമസിയാതെ അദ്ദേഹം ഫിലോമിനയുടെ നാമത്തിൽ ഒരു ദേവാലയം പണികഴിപ്പിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും ആർസിൽ അനുദിനം നടന്നുകൊണ്ടിരുന്നു. എല്ലാ അത്ഭുതങ്ങൾക്കും വിശുദ്ധനായ ജോൺ വിയാനി വിരൽ ചൂണ്ടിയത് തന്റെ ഇഷ്ടവിശുദ്ധയായ ഫിലോമിനയിലേക്കാണ്.

വിയാനിയച്ചൻ പലപ്പോഴും രോഗിയായിരുന്നു. അവസാനം ഒരു ദിവസം കിടക്കയിൽ നിന്നെഴുന്നേൽക്കുവാൻ വയ്യാത്തവിധം അദ്ദേഹം രോഗബാധിതനായി. മരണസമയമടുത്തപ്പോൾ അദ്ദേഹത്തിന് അന്ത്യകൂദാശകൾ നൽകപ്പെട്ടു. ഫിലോമിനയുടെ അൾത്താരയിൽ തനിക്കു വേണ്ടി ഒരു ബലിയർപ്പിക്കണമെന്ന് അദ്ദേഹം സഹവൈദികരോട് ആവശ്യപ്പെട്ടു. അദ്ദേഹത്തെ എല്ലാവരും താങ്ങിയെടുത്ത് ദേവാലയത്തിലേക്ക് കൊണ്ടുപോയി. ദേവാലയത്തിലെത്തിയപ്പോൾ മരണം സംഭവിക്കുന്നതുപോലെ അദ്ദേഹം വിറയ്ക്കുകയായിരുന്നു. എന്നാൽ ദിവ്യബലി തുടങ്ങിയപ്പോൾ സകലതും ശാന്തമായി. വിയാനിയച്ചൻ അത്ഭുതകരമായി സുഖം പ്രാപിച്ചു. കൂടെനിന്നിരുന്നവർ ദിവ്യബലിമദ്ധ്യേ ഫിലോമിന എന്ന പേരുച്ചരിച്ചുകൊണ്ട് വിയാനിയച്ചൻ ആരോടോ സംസാരിച്ചുവെന്ന് സാക്ഷ്യപ്പെടുത്തുകയുണ്ടായി. വ്യാകുലമാതാവിന്റെ സന്യാസസഭയുടെ സുപ്പീരിയർ ജനറലായ മദർ ലൂയിസ് ഫിലോമിനയുടെ മാദ്ധ്യസ്ഥശക്തിയെക്കുറിച്ച് അറിഞ്ഞിരുന്നുവെങ്കിലും അവളുടെ ജീവിതത്തെക്കുറിച്ച് കൂടുതൽ അറിയണമെന്ന് ആഗ്രഹിച്ചു.

1833 ആഗസ്റ്റ് മാസം അവർക്കൊരു അത്ഭുതകരമായ ദർശനമുണ്ടാവുകയും അതിലൂടെ ഫിലോമിനയുടെ ജീവിതത്തെക്കുറിച്ച് അത്ഭുതകരമായ വെളിപ്പെടുത്തലുകൾ ലഭിക്കുകയും ചെയ്തു. തന്നോട് ആരോ സംസാരിക്കുന്നത് പോലെയാണ് മദർ ലൂയിസ് കേട്ടത്. ആ കഥ ഇപ്രകാരമാണ്. "പ്രിയപ്പെട്ട സിസ്റ്റർ, ഞാൻ ഗ്രീസിലെ ചെറിയൊരു പ്രവിശ്യ ഭരിച്ചിരുന്ന രാജാവിന്റെ മകളാണ്. എന്റെ അമ്മയും രാജപരമ്പരയിൽപെട്ടവളായിരുന്നു. എന്റെ മാതാപിതാക്കൾക്ക് നാളുകളായി കുട്ടികളുണ്ടായിരുന്നില്ല. അവർ വിഗ്രഹാരാധകരായിരുന്നു. തുടർച്ചയായ അവർ അന്യദേവൻമാർക്ക് ബലിയർപ്പിക്കുകയും അവരോട് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. റോമിൽ നിന്നുവന്ന പബ്ലിയൂസ് എന്നുപേരുള്ള ഒരു വൈദ്യൻ കൊട്ടാരത്തിൽ എന്റെ പിതാവിന്റെ സേവകനായുണ്ടായിരുന്നു. ഈ വൈദ്യൻ ക്രിസ്തുമതവിശ്വാസിയായിരുന്നു. എന്റെ മാതാപിതാക്കളുടെ വേദനകണ്ട് പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി ക്രിസ്തീയ വിശ്വാസത്തെപ്പറ്റി അവരോട് അദ്ദേഹം സംസാരിച്ചു. മാമ്മോദീസ സ്വീകരിക്കുവാൻ തയ്യാറാണെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു.

പബ്ലിയൂസിന്റെ പ്രബോധനമനുസരിച്ച് അവർ ക്രിസ്ത്യാനികളായിത്തീരുകയും നാളുകളായി തങ്ങൾ ആഗ്രഹിച്ചിരുന്ന ആ മഹാദാനം മാനസാന്തരത്തിന്റെ ഫലമായി സ്വന്തമാക്കുകയും ചെയ്തു. എന്റെ ജ്ഞാനസ്നാനസമയത്ത് അവരെനിക്ക് 'ഫിലോമിന' 'പ്രകാശത്തിന്റെ പുത്രി' എന്ന പേര് നൽകി. ഒരിക്കൽ എന്റെ പിതാവിന് ദുഷ്ടനായ ഡയോക്ലീഷൻ ചക്രവർത്തിയുടെ അടുക്കലേക്ക്, റോമിലേക്ക് തികച്ചും അന്യായമായ ഒരു യുദ്ധഭീഷണി തടയുന്നതിനായി എന്നെയും കൂട്ടി പോകേണ്ടതായി വന്നു. അന്നെനിക്ക് പതിമൂന്ന് വയസ്സായിരുന്നു. റോമിലെത്തിയപ്പോൾ ഡയോക്ലീഷനെ കാണുവാൻ അനുവാദം വാങ്ങി എന്റെ പിതാവ് ഒരു കൂടിക്കാഴ്ചക്കായി കാത്തിരുന്നു. ഡയോക്ലീഷൻ കടന്നുവന്നനേരംതന്നെ അദ്ദേഹത്തിന്റെ കണ്ണുകൾ എന്നിലുടക്കി. എന്റെ പിതാവ് ഒന്നൊന്നായി തന്റെ വാദമുഖങ്ങൾ നിരത്തിയെങ്കിലും ഡയോക്ലീഷന്റെ ശ്രദ്ധ അതിലൊന്നുമായിരുന്നില്ല. വളരെ സങ്കടത്തോടെ എന്റെ പിതാവ് ഉണർത്തിച്ച കാര്യങ്ങൾ കേൾക്കുന്നതിനെക്കാൾ മൃഗീയമായൊരു വികാരത്താൽ നിറഞ്ഞവനായി എന്നെ ശ്രദ്ധിക്കുകയായിരുന്നു ഡയോക്ലീഷൻ. എന്റെ പിതാവ് സംസാരിച്ചുതീർന്നപ്പോൾ ഉല്ലാസം മാത്രം ആഗ്രഹിച്ചിരുന്ന ഡയോക്ലീഷൻ തന്നെ ശല്യപ്പെടുത്തരുതെന്ന് നിർദേശിച്ചു. പിന്നീട് അദ്ദേഹത്തിന്റെ കണ്ഠത്തിൽ നിന്നുതിർന്ന വാക്കുകൾ ഇപ്രകാരമായിരുന്നു. "രാജ്യത്തിന്റെ സർവ്വസൈന്യത്തെയും ഞാൻ നിന്റെ മുൻപിൽ നിരത്താം. ഞാൻ ചോദിക്കുന്നത് ഒന്നു മാത്രമാണ്; അത് മറ്റൊന്നുമല്ല നിന്റെ പുത്രിയെ എനിക്ക് വിവാഹം കഴിച്ച് നൽകുക!" ഇത്ര വലിയൊരു ഭാഗ്യം എന്റെ പിതാവിനെപ്പോലെ ഒരു സാമന്തരാജാവിന് ലഭിക്കാനുണ്ടോ?.

സ്വപ്നം കാണുവാൻ പോലും സാധിക്കാത്ത ഈ വാഗ്ദാനത്തിന് മുൻപിൽ എന്റെ പിതാവ് അവിടെവച്ചുതന്നെ ചക്രവർത്തിയുടെ ആഗ്രഹത്തിന് സമ്മതം മൂളുകയും ചെയ്തു. തിരികെ ഞങ്ങൾ വീട്ടിലെത്തിയപ്പോൾ എന്റെ പിതാവും മാതാവും ഡയോക്ലീഷന്റേയും അവരുടേയും ആഗ്രഹത്തിന് എന്നെക്കൊണ്ട് സമ്മതിപ്പിക്കാൻ അവർക്കാവുന്നതെല്ലാം ചെയ്തു. ഞാൻ കരഞ്ഞുകൊണ്ട് ചോദിച്ചു. "ഒരു മനുഷ്യനോടുള്ള സ്നേഹത്തെപ്രതി എന്റെ യേശുവിനോട് ഞാൻ ചെയ്ത വാഗ്ദാനം ലംഘിക്കണമെന്നാണോ നിങ്ങൾ ആവശ്യപ്പെടുന്നത്? എന്റെ കന്യകാത്വം യേശുവിനായി ഞാൻ സമർപ്പിച്ചിരിക്കുകയാണ്. എനിക്കത് നശിപ്പിക്കാനാവില്ല. മാത്രവുമല്ല വിവാഹം കഴിച്ചൊരു വ്യക്തിയാണ് ഡയോക്ലീഷൻ." "പക്ഷെ വ്രതമെടുത്തപ്പോൾ നീ വളരെ ചെറിയ കുട്ടിയായിരുന്നു. അത്തരമൊരു വാഗ്ദാനം നടത്തുവാൻ നിനക്ക് പ്രായമായിരുന്നില്ല." എന്റെ പിതാവ് പറഞ്ഞു. അദ്ദേഹം എന്നെ സാദ്ധ്യമായ എല്ലാ ഭീഷണികളിലൂടെയും ഡയോക്ലീഷനുമായുള്ള വിവാഹത്തിന് പ്രേരിപ്പിച്ചു. പക്ഷെ എന്റെ ദൈവത്തിന്റെ കൃപ എന്നെ സഹായിച്ചു. ചക്രവർത്തിക്ക് നൽകിയ വാഗ്ദാനം നിരസിക്കാനാവാതെ ഡയോക്ലീഷന്റെ ആജ്ഞപ്രകാരം എന്നെയുമായി എന്റെ പിതാവിന് ചക്രവർത്തിയുടെ സിംഹാസനത്തിനു മുൻപിലെത്തിച്ചേരേണ്ടിവന്നു. അവസാനം ഡയോക്ലീഷന് മുൻപിലെത്തുന്നതിന് മുൻപ് എന്റെ പിതാവ് തന്റെ അവസാനത്തെ ഭീഷണിയും പരിശ്രമങ്ങളും നടത്തുകയുണ്ടായി. അദ്ദേഹത്തോടൊപ്പം എന്റെ തീരുമാനം മാറ്റുന്നതിനായി അമ്മയും തനിക്കാവുന്നതുപോലെ എന്നോട് പെരുമാറി. സ്നേഹവും ഭീഷണിയും ശിക്ഷയും എല്ലാം അതിനായി അവർ ഉപയോഗിച്ചു. അവസാനം എന്റെ മുൻപിൽ താണുവണങ്ങി കണ്ണുനീരോടെ അവർ ഉണർത്തിച്ചു. "എന്റെ മകളേ , നിന്റെ പിതാവിന്റെയും മാതാവിന്റെയും രാജ്യത്തിന്റെയും പ്രജകളുടേയും മേൽ കരുണ തോന്നുക." "ഇല്ല, ഇല്ല", ഞാൻ മറുപടി പറഞ്ഞു.

"ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട എന്റെ കന്യകാത്വം ഞാൻ ആർക്കും സമർപ്പിക്കില്ല. വിശ്വാസികളായ നാം പാപത്തിന് കൂട്ടുനിൽക്കരുത്. എന്റെ വ്രതവാഗ്ദാനം നിങ്ങൾക്കും നമ്മുടെ രാജ്യത്തിനും ഉപരിയാണ്. എന്റെ യഥാർത്ഥ രാജ്യം സ്വർഗമാണ്." എന്റെ വാക്കുകൾ അവരെ ദുഖത്തിലാഴ്ത്തി. അവരെന്നെ ചക്രവർത്തിയുടെ മുൻപിലെത്തിച്ചു. എന്നെ കൊന്നുകളയുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. എന്നാൽ എന്നെ വിവാഹം കഴിക്കുവാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം അതിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിച്ചു. അദ്ദേഹവും തനിക്കാവുന്നതെല്ലാം എന്നെ വശത്താക്കുവാനായി ചെയ്തു. ഡയോക്ലീഷന്റെ വാഗ്ദാനങ്ങളും പ്രലോഭനങ്ങളും ഭീഷണികളും ഫലമണിഞ്ഞില്ല. പൈശാചികമായ ഒരു സ്വാധീനത്തിൽപെട്ട് ക്രുദ്ധനായ ചക്രവർത്തി ചങ്ങലകളാൽ ബന്ധിച്ച് എന്നെ കൊട്ടാരത്തിലെ തുറങ്കിലടയ്ക്കുവാൻ ഉത്തരവിട്ടു. വേദനയും നിന്ദനവും കർത്താവിനോടുള്ള എന്റെ സ്നേഹം അവസാനിപ്പിക്കുമെന്ന് കരുതി എല്ലാദിവസവും അദ്ദേഹം എന്നെ സന്ദർശിക്കുമായിരുന്നു. കുറച്ചുദിവസങ്ങൾക്ക് പിന്നീട് എന്റെ ചങ്ങലകൾ അയച്ച് കുറച്ച് ബ്രഡും വെള്ളവും എനിക്ക് നൽകാൻ

ചക്രവർത്തി ആജ്ഞാപിച്ചു. ശേഷം അദ്ദേഹം പുതിയ ആക്രമണങ്ങൾ അഴിച്ചുവിട്ടു. അവയിൽ പലതും ദൈവകൃപ സഹായിച്ചിരുന്നില്ലെങ്കിൽ എന്റെ ശുദ്ധത കവർന്നെടുക്കുവാൻ ഉപയുക്തമായിരുന്നു.

അദ്ദേഹത്തിനേൽക്കേണ്ടി വന്ന തോൽവികൾ എനിക്കുള്ള പുതിയ പീഡനത്തിന്റെ വാതിലുകൾ തുറക്കുകയായിരുന്നു. പ്രാർത്ഥന എന്നെ ശക്തിപ്പെടുത്തി. ഈശോയ്ക്കും ദൈവമാതാവിനും എന്നെത്തന്നെ സമർപ്പിക്കുന്നതിൽ ഞാൻ ഒട്ടും വീഴ്ച വരുത്തിയില്ല. എന്റെ പീഡനത്തിന്റെ മുപ്പത്തേഴ് ക്രൂരമായ ദിവസങ്ങൾ പിന്നിട്ടപ്പോൾ ഒരു രാത്രിയിൽ ദിവ്യകുമാരനേയും വഹിച്ചുകൊണ്ട് പരിശുദ്ധ അമ്മ എന്റെ അടുക്കൽ വന്നു. അമ്മ പറഞ്ഞു. "എന്റെ മകളെ, മൂന്നുദിവസങ്ങൾക്കൂടി നിനക്ക് തടവറയിൽ വസിക്കേണ്ടി വരും. നാൽപതാം ദിവസം വേദനയുടെ ഈ സ്ഥലത്തുനിന്ന് നീ മോചിതയാകും." എന്റെ ഹൃദയം പറഞ്ഞറിയിക്കാനാവാത്ത സന്തോഷത്താൽ നിറഞ്ഞു. എങ്കിലും മാലാഖമാരുടെ രാജ്ഞി തടവറയിൽ നിന്നുള്ള എന്റെ മോചനത്തെക്കുറിച്ച് പറഞ്ഞപ്പോൾ കഴിഞ്ഞ ദിവസങ്ങളിലേതിനെക്കാൾ ഭയാനകമായ രീതിയിലുള്ള പീഡനങ്ങൾക്കാണെന്നറിഞ്ഞതോടുകൂടി ഞാൻ വേദന കൊണ്ട് പുളഞ്ഞു. അതെന്റെ മരണത്തിന് പോലും കാരണമാകുമെന്ന് ഞാൻ ഭയന്നു. അപ്പോൾ പരിശുദ്ധ അമ്മ എന്നോട് പറഞ്ഞു: "എന്റെ കുഞ്ഞേ, ധൈര്യമായിരിക്കുക. എനിക്ക് നിന്നോടുള്ള പ്രത്യേകമായ സ്നേഹത്തെക്കുറിച്ച് നീയറിയുന്നില്ലേ? മാത്രമല്ല നിന്റെ ദൈവദൂതൻ, എന്റെയും ദൈവദൂതനായിരുന്ന വിശുദ്ധ ഗബ്രിയേൽ നിന്റെ സഹായത്തിനണയും. അവന്റെ പേരിന്റെ അർത്ഥം തന്നെ ശക്തി എന്നാണല്ലോ. എന്റെ പ്രിയപ്പെട്ട മക്കളിൽ ഒരാളെപ്പോലെ ഞാൻ നിന്നെ അവന്റെ പരിപാലനയ്ക്കായി പ്രത്യേകം ഏൽപിച്ചുകൊടുക്കും." കന്യകകളുടെ രാജ്ഞിയുടെ ഈ വാക്കുകൾ എനിക്ക് വീണ്ടും ശക്തി നൽകി. എന്റെ തടവറയെ സ്വർഗീയസുഗന്ധത്താൽ നിറച്ചുകൊണ്ട് ആ ദർശനം അവസാനിച്ചു.

ഈ ലോകത്തിനുപരിയായ ഒരു ആനന്ദം കൊണ്ട് എന്റെ ഹൃദയം നിറഞ്ഞു. അത് വാക്കുകൾക്കൊണ്ട് വിവരിക്കാവുന്നതല്ല. മാലാഖമാരുടെ രാജ്ഞി എന്നോടു പറഞ്ഞ കാര്യങ്ങൾ അടുത്ത ദിവസങ്ങളിൽ എനിക്കനുഭവിക്കാൻ സാധിച്ചു. തന്റെ ഇംഗിതത്തിന് വഴങ്ങുന്നില്ലെന്ന് കണ്ട് പൊതുജനത്തിന് മുൻപിൽവച്ച് എന്റെ വ്രതത്തിൻ ഭംഗം വരുത്തക്കവിധം എന്നെ പീഡനത്തിന് വിധേയയാക്കാൻ ചക്രവർത്തി തീരുമാനിച്ചു. എന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത് എന്നെ നഗ്നയാക്കി പ്രഹരിക്കുവാൻ അയാൾ ആജ്ഞാപിച്ചു. എന്നെ പൂർണമായും നഗ്നയാക്കുവാൻ പട്ടാളക്കാർ കൂട്ടാക്കിയില്ലെങ്കിലും എല്ലാവരുടേയും മുൻപിൽ ഒരു തൂണിനോട് ചേർത്ത് അവർ എന്നെ ബന്ധിച്ചു. ക്രുദ്ധരായ പട്ടാളക്കാർ ചോരയിൽ കുളിക്കുന്നതുവരെ എന്നെ പ്രഹരിച്ചു. എന്റെ ദേഹമാസകലം വലിയൊരു മുറിവായി മാറി. എന്നാൽ എന്റെ ബോധം നശിച്ചില്ല. ദുഷ്ടനായ ആ മനുഷ്യൻ എന്നെ തിരികെ തടവറയിലേക്ക് വലിച്ചിഴച്ചു. ഞാൻ മരിച്ചുപോകുമെന്നാണവർ കരുതിയത്. സ്വർഗീയവൃന്ദങ്ങളോട് അധികം താമസിയാതെ ചേരാമെന്ന് ഞാനും ആഗ്രഹിച്ചു. ആ അന്ധകാരത്തിൽ പ്രകാശപൂരിതരായ രണ്ടു മാലാഖമാർ എനിക്ക് പ്രത്യക്ഷരായി. അവരെന്റെ മുറിവുകളിൽ ഒരു സ്വർഗീയതൈലമൊഴിച്ചു. അപ്പോൾ പീഡനത്തിന് മുൻപുണ്ടായിരുന്നതിനെക്കാൾ ആഴമായ ഒരു ഉന്മേഷം എന്നിൽ വന്നു നിറഞ്ഞു. എന്റെ ശരീരത്തിലുണ്ടായ മാറ്റത്തെക്കുറിച്ചറിഞ്ഞപ്പോൾ ചക്രവർത്തി വീണ്ടും എന്നെ തന്റെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു.

ദുഷ്ടമനസ്സോടെ വീണ്ടും അദ്ദേഹത്തിന്റെ ആഗ്രഹത്തിന് വഴങ്ങണമെന്നും താൻ ജൂപ്പിറ്റർ ദേവനോട് പറഞ്ഞതനുസരിച്ചാണ് എനിക്ക് സൗഖ്യം ലഭിച്ചതെന്നും അയാൾ വാദിച്ചു. മാത്രവുമല്ല ഞാൻ റോമിലെ ചക്രവർത്തിനിയാവണമെന്ന് ജൂപ്പിറ്റർ ദേവൻ ആഗ്രഹിക്കുന്നതായും എന്നെ അറിയിച്ചു. എന്നാൽ എന്നിലേക്ക് എഴുന്നള്ളി വന്ന, എന്നെ ശുദ്ധത പാലിക്കുവാൻ സഹായിക്കുന്ന ദൈവത്തിന്റെ ആത്മാവിന്റെ ശക്തിയിൽ ഞാൻ പ്രകാശവും ജ്ഞാനവുമുള്ളവളാകുകയും എന്റെ വിശ്വാസത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ഡയോക്ലീഷനോ അവന്റെ അനുചരൻമാർക്കോ ഉത്തരം പറയാനാവാത്ത സത്യങ്ങൾ പ്രഘോഷിക്കുകയും ചെയ്തു. അവസാനം വിറളിപിടിച്ച ചക്രവർത്തി എന്റെ നേരെ പാഞ്ഞുവന്ന് എന്നെ ഒരു നങ്കുരത്തോട് ചേർത്ത് ബന്ധിച്ച് ടൈബർ നദിയുടെ ആഴത്തിലേക്ക് വലിച്ചെറിയുവാൻ ഒരു പട്ടാളക്കാരനോട് ആജ്ഞാപിച്ചു. ഈ ആജ്ഞ നിറവേറ്റപ്പെടുകയുണ്ടായി. ഞാൻ നദിയിൽ എറിയപ്പെട്ടു. എന്നാൽ രണ്ട് മാലാഖമാർ വന്ന് നങ്കൂരത്തിന്റെ കെട്ടുകളഴിച്ചുവിട്ടു. നങ്കൂരം നദിയുടെ ആഴത്തിലേക്ക് പോയി. മാലാഖമാർ എന്നെ വെള്ളത്തിന് മുകളിലൂടെ കരയ്ക്കെത്തിച്ചു. വലിയ ഭാരമുള്ള നങ്കൂരം ബന്ധിച്ച് കടലിലെറിഞ്ഞിട്ടും വളരെ സുരക്ഷിതമായി ഞാൻ കരയിലെത്തിയതിന് എല്ലാവരും സാക്ഷികളായിരുന്നു.

കരയിൽ കാഴ്ചകണ്ടുനിന്നിരുന്ന അനേകർ ഈ അത്ഭുതം കണ്ട് ക്രിസ്തുമതവിശ്വാസം സ്വീകരിക്കുകയും എന്റെ നാഥനെ അവരുടെ നാഥനും രക്ഷകനുമായി സ്വീകരിക്കുകയും ചെയ്തു. ഞാനൊരു മന്ത്രവാദിയായതിനാലാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നതെന്ന് ഡയോക്ലീഷൻ പ്രഖ്യാപിച്ചു. റോമിന്റെ തെരുവീഥികളിലൂടെ എന്നെ അദ്ദേഹം വലിച്ചിഴക്കുകയും ഒന്നിനുപിറകെ ഒന്നായി അമ്പെയ്ത് എന്നെ ദാരുണമായി മുറിവേൽപിക്കുകയും ചെയ്തു. ശരീരത്തുനിന്ന് രക്തം വാർന്നൊഴുകിയെങ്കിലും എന്റെ ബോധം മറഞ്ഞില്ല. ഞാൻ മരിക്കുകയാണെന്ന് തോന്നിയപ്പോൾ എന്നെ വീണ്ടും ഇരുട്ടറയിലടക്കുവാൻ ഡയോക്ലീഷൻ ആജ്ഞാപിച്ചു. അവിടെയും സ്വർഗം എന്റെ സഹായത്തിനെത്തി. ആനന്ദകരമായ ഒരു നിദ്രയിലൂടെ കടന്നുപോയ ഞാൻ ഉണർന്നപ്പോൾ പൂർണമായും സുഖപ്പെട്ടിരിക്കുന്നതായി കണ്ടെത്തി. ഞാൻ സുഖപ്പെട്ടിരിക്കുന്നതായി ഡയോക്ലീഷൻ അറിഞ്ഞു. അദ്ദേഹം കൽപിച്ചു; "അവളെ വീണ്ടും അമ്പെയ്യുക. ആ പീഡനത്തിൽ അവൾ മരിക്കട്ടെ." അവർ അദ്ദേഹത്തെ അനുസരിക്കുവാൻ ധൃതികൂട്ടി. എന്നാൽ അവരുടെ അമ്പുകൾ വളഞ്ഞുപോവുകയാണുണ്ടായത്. അവർക്കാവുന്നതെല്ലാം ചെയ്തെങ്കിലും എയ്തുവിടുന്ന അമ്പുകൾ അവരെ അനുസരിച്ചില്ല. അതു കാണുവാൻ ചക്രവർത്തിയും സന്നിഹിതനായിരുന്നു. ഞാനൊരു മന്ത്രവാദിനിയാണെന്ന് ഉദ്ഘോഷിച്ചുകൊണ്ട് എന്റെ മന്ത്രത്തിനുള്ള പ്രതിവിധി അഗ്നിയാണെന്ന് അയാൾ പ്രഖ്യാപിച്ചു. കൂർത്ത അമ്പുകൾ തീയിൽ വച്ച് പഴുപ്പിച്ചതിനുശേഷം എന്റെ ഹൃദയത്തിന് നേരെ എയ്യുവാൻ അവരോട് ഡയോക്ലീഷൻ ആജ്ഞാപിച്ചു. എന്നാൽ ആ അമ്പുകൾ പാതിവഴി സഞ്ചരിച്ചതിനുശേഷം മടങ്ങിച്ചെന്ന് എയ്തവരുടെ ജീവൻ അപഹരിച്ചു. ആറു പട്ടാളക്കാരാണ് അവിടെ മരിച്ചു വീണത്.

കണ്ടുനിന്നവരിൽ പലരും വിജാതീയമതം ഉപേക്ഷിച്ചു. പരസ്യമായി, എന്നെ സംരക്ഷിക്കുന്ന സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസം അവർ ഏറ്റുപറഞ്ഞു. ഈ സംഭവങ്ങളെല്ലാം ചക്രവർത്തിയെ വല്ലാതെ ക്രുദ്ധനാക്കി. അദ്ദേഹത്തിന്റെ പ്രജകളിൽ പലരും ക്രിസ്തുമതവിശ്വാസം സ്വീകരിക്കുന്നത് അദ്ദേഹത്തിന് സഹിക്കാനായില്ല. എന്റെ ശിരസ്സുഛേദിച്ച് എന്നെ എങ്ങനെയെങ്കിലും വധിക്കുവാൻ അദ്ദേഹം ആജ്ഞാപിച്ചു. അങ്ങനെ എന്റെ ആത്മാവ് സ്വർഗത്തിലേക്ക് പറന്നുയർന്നു. എന്റെ സ്വർഗീയമണവാളൻ എനിക്ക് കന്യകാത്വത്തിന്റെ കിരീടവും രക്തസാക്ഷിത്വത്തിന്റെ കുരുത്തോലയും തിരഞ്ഞെടുക്കപ്പെട്ടവരുടെയിടയിൽ മഹനീയ സ്ഥാനവും നൽകി ആദരിച്ചു. എനിക്ക് അതിയായ സന്തോഷം നൽകിയ ആ ദിവസം ഒരു വെള്ളിയാഴ്ചയായിരുന്നു. എന്റെ ദിവ്യനാഥൻ ജീവൻ വെടിഞ്ഞ വൈകുന്നേരം മൂന്നുമണിയായിരുന്നു സമയം. ഫിലോമിനയുടെ ജീവിതത്തെക്കുറിച്ചുള്ള ഈ വിവരണത്തോടൊപ്പം മുഞ്ഞാണോയിലേക്ക് ഫിലോമിനയുടെ തിരുശേഷിപ്പുകൾ കൊണ്ടുവരുവാനുണ്ടായ ദിവസം ആഗസ്റ്റ് പത്തായി ക്രമീകരിച്ചതും ദൈവത്തിന്റെ പ്രത്യേക പദ്ധതിയുടെ ഭാഗമായിരുന്നുവെന്ന് ആ സ്വരം സിസ്റ്റർ ലൂയിസയോട് പറഞ്ഞു. മറ്റൊരു ദിവസമായിരുന്നു അതിന് നിശ്ചയിച്ചിരുന്നത് . എന്നാൽ പിന്നീട് അത് ആഗസ്റ്റ് പത്താക്കി മാറ്റുകയായിരുന്നുവെന്ന സത്യം ആർക്കും അറിവില്ലായിരുന്നു. ഈ അറിവുകൾ ചരിത്രപരമായി വളരെ യാഥാർത്ഥ്യമുള്ളതായിരുന്നു. അത്ഭുതങ്ങളുടെ പിൻബലത്തോടെ ഫിലോമിന ജനഹൃദയങ്ങളിൽ ഇന്നും മഹനീയമായ ഒരു സ്ഥാനം അലങ്കരിച്ചിരിക്കുകയാണ്.

അസാധ്യമെന്ന് കരുതുന്ന ഏതൊരു കാര്യവും ഫിലോമിനയുടെ മാദ്ധ്യസ്ഥത്തിനായി സമർപ്പിച്ചുകൊണ്ട് നിങ്ങൾക്ക് പ്രാർത്ഥിക്കാവുന്നതാണ്. അവളുടെ വ്യത്യസ്തവും അത്ഭുതകരവുമായ ഇടപെടൽ നിങ്ങൾക്ക് നിങ്ങളുടെ ജീവിതത്തിൽ ദർശിക്കാനാവും. സഹനത്തിന്റേയും പീഡനങ്ങളുടേയും മദ്ധ്യേ കടന്നുപോകുന്നവർക്ക് വലിയൊരു സമ്മാനം ദൈവം സ്വർഗത്തിൽ കരുതിവെച്ചിട്ടുണ്ട്. ദൈവം നിങ്ങളെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

വിശുദ്ധ ഫിലോമിന, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...